## പതിനാലാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2061 05/05/2017-ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗവിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിന് ധനസഹായം**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">മറുപടി</th></tr>
<tr><td colspan="2">ശ്രീ. ഐ. സി ബാലകൃഷ്ണൻ<br>" റോജി. എം. ജോൺ<br>" വി.പി. സജീന്ദ്രൻ<br>" തിരുവഞ്ചൂർ രാധാകൃഷ്ണൻ :</td><td colspan="2">ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി)</td></tr>
<tr><td>(എ)</td><td>സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിന് ധനസഹായം നല്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടതെന്ന് വ്യക്തമാക്കുമോ;</td><td rowspan="2">(എ) യും (ബി) യും</td><td rowspan="2">പ്രീമെട്രിക് തലത്തിലുള്ള (1-ാം ക്ലാസ്സ് മുതൽ എസ്.എസ്.എൽ.സി വരെ) വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ് എന്നിവ നല്കി വരുന്നു.<br><br>പോസ്റ്റ് മെട്രിക് തലത്തിൽ വിവിധ കോഴ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വരുമാന പരിധിയില്ലാതെ മുഴുവൻ ഫീസും, വാർഷിക ലംപ്സംഗ്രാന്റും പ്രതിമാസ സ്റ്റൈപ്പന്റും നല്കി വരുന്നു. സർക്കാർ/ സർവ്വകലാശാല അംഗീകരിച്ചിട്ടുള്ള എല്ലാ സ്ഥാപനങ്ങളിലും എല്ലാ കോഴ്സുകൾക്കും പ്രസ്തുത ആനുകൂല്യം ലഭ്യമാക്കുന്നു. ടി തുക ഇ-ഗ്രാന്റ്സ് പദ്ധതി മുഖേനയാണ് നല്കി വരുന്നത്. കോളേജ് ഹോസ്റ്റലുകളിലും മറ്റ് അംഗീകൃത ഹോസ്റ്റലുകളിലും താമസിച്ച് പഠിക്കുന്നവർക്ക് പ്രതിമാസ സ്റ്റൈപ്പന്റിനു പകരം യഥാർത്ഥ താമസ ഭക്ഷണ ചെലവും പോക്കറ്റ് മണിയും നല്കുന്നു. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം പ്രീമെട്രിക് തലത്തിൽ 9, 10, ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രതിവർഷം 1500/- രൂപ സ്കോളർഷിപ്പ് ഇനത്തിലും 750/- രൂപ ബുക്സ് തുടങ്ങിയ പഠന സാമഗ്രികൾ വാങ്ങുന്നതിന് ഗ്രാന്റിനത്തിലും നല്കുന്നു. ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യഥാക്രമം 3500/- രൂപയും, 1000/- രൂപയും നല്കുന്നു. ഈ ആനുകൂല്യം ലഭിക്കുന്നതിന് വരുമാന പരിധി രണ്ടര ലക്ഷം രൂപയാക്കി നിശ്ചയിച്ചിട്ടുണ്ട്.</td></tr>
<tr><td>(ബി)</td><td>ഈ ഗവൺമെന്റിന്റെ കാലത്ത് ഇതിനായി എന്തെല്ലാം ആനുകൂല്യങ്ങളാണ് നല്കിയതെന്ന് വിശദീകരിക്കുമോ;</td></tr>
</table>

| | | | |
|---|---|---|---|
| | | | പട്ടികവർഗ്ഗ വികസന വകുപ്പിൽ കീഴിലുള്ള പെരിപ്പതറ്റിക് സെന്റർ, ഏകാദ്ധ്യാപക വിദ്യാലയം എന്നിവിടങ്ങളിലെ കുട്ടികൾക്ക് ലംപ്സം ഗ്രാന്റും പ്രതിമാസ സ്റ്റൈപ്പന്റും നല്കുന്നു. നഴ്സറി സ്കൂളുകളിലെ കുട്ടികൾക്ക് ലംപ്സംഗ്രാന്റ് മാത്രം നല്കി വരുന്നു. കൂടാതെ മെഡിക്കൽ എഞ്ചിനിയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്ക് (വാർഷിക വരുമാനം 40,000/- രൂപയ്ക്ക് താഴെ) പ്രാരംഭ ചിലവിനത്തിൽ 5,000/- രൂപ ധനസഹായം നല്കി വരുന്നു. സ്വാശ്രയ സ്ഥാപനങ്ങളിലടക്കം റിസർവേഷൻ, മെരിറ്റടിസ്ഥാനത്തിൽ എൻട്രൻസ് ലിസ്റ്റിൽ നിന്നും അഡ്മിഷൻ ലഭിക്കുന്ന പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് G.O.(P) No.50/2009/SCSTDD പ്രകാരവും വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ച് വരുന്നു. മേൽപ്പറഞ്ഞ ആനുകൂല്യങ്ങളെല്ലാം ഈ ഗവൺമെന്റും നല്കി വരുന്നു. |
| **(സി)** | എന്തെല്ലാം പദ്ധതികളാണ് ഇവരുടെ വിദ്യാഭ്യാസത്തിനും അവയുടെ പ്രോത്സാഹനത്തിനും ആവിഷ്കരിച്ച് നടപ്പിലാക്കിയതെന്ന് വിവരിക്കുമോ? | **(സി)** | പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഉന്നമനത്തിനും പ്രോത്സാഹനത്തിനുമായി ഈ സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

5/

## അനുബന്ധം - I

### I. പ്രീമെട്രിക് വിദ്യാഭ്യാസം

S.S.L.C വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അദ്ധ്യയന വർഷം ആരംഭിക്കുമ്പോൾ ഉണ്ടാകുന്ന ചെലവുകൾക്കായുള്ള ലംപ്സംഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ് എന്നിവ നൽകി വരുന്നു. ലംപ്സംഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ് എന്നിവയുടെ നിരക്ക് ചുവടെ ചേർക്കുന്നു.

| | എൽ.പി.വിഭാഗം | ലംപ്സംഗ്രാന്റ് | പ്രതിമാസ സ്റ്റൈപ്പന്റ് |
|---|---|---|---|
| 1 | I മുതൽ IV വരെ | 320/- | 130/- |
| 2 | യു.പി. വിഭാഗം V മുതൽ VII വരെ | 630/- | 160/- |
| 3 | ഹൈസ്കൂൾ വിഭാഗം | 940/- | 190/- |

(ഒരു ക്ലാസിൽ തോറ്റ് രണ്ടാം വർഷം പഠിക്കുന്ന കുട്ടികൾക്ക് വാർഷിക ലംപ്സംഗ്രാന്റിന്റെ 50% നൽകുന്നു.

### 2. പോസ്റ്റ്മെട്രിക് പഠനം

പത്താം ക്ലാസ് പഠനം പൂർത്തിയാക്കി വിവിധ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികവർഗ വിദ്യാർത്ഥികൾക്ക് വരുമാന പരിധിയില്ലാതെ സർക്കാർ അംഗീകരിച്ച മുഴുവൻ ഫീസും, വാർഷിക ലപ്സംഗ്രാന്റും, പ്രതിമാസ സ്റ്റൈപ്പന്റും നൽകുന്നു. സർക്കാരോ, യൂണിവേഴ്സിറ്റിയോ അംഗീകരിച്ചിട്ടുള്ള എല്ലാ സ്ഥാപനങ്ങളിലും എല്ലാ കോഴ്സുകൾക്കും ഈ ആനുകൂല്യം ലഭിക്കുന്നു. വിവിധ കോഴ്സുകൾക്ക് വ്യത്യസ്ത നിരക്കിലാണ് ലംപ്സംഗ്രാന്റ് നൽകുന്നത്. സർക്കാർ ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

| കോഴ്സ് | ലംപ്സം ഗ്രാന്റ് | പ്രതിമാസ സ്റ്റൈപ്പന്റ്: 8 KM-നുള്ളിൽ താമസിക്കുന്നവർക്ക് | പ്രതിമാസ സ്റ്റൈപ്പന്റ്: 8 KM-ന് പുറത്ത് താമസിക്കുന്നവർക്ക് |
|---|---|---|---|
| Plus two/Vocational H.S | 1130/- | 630/- | 750/- |
| BA/B.Sc/B.Com/B.Ed/തത്തുല്യം | 1190/- | 630/- | 750/- |
| MA/M.SC/M.Com/ തത്തുല്യം | 1570/- | 630/- | 750/- |
| Engineering / Vetenary / Agricultural മുതലായവ | 2250/- | 630/- | 750/- |
| MBBS / MS/MD | 3130/- | 630/- | 750/- |

കോളേജ് ഹോസ്റ്റലുകളിലും മറ്റ് അംഗീകൃത ഹോസ്റ്റലുകളിലും താമസിച്ചു പഠിക്കുന്നവർക്ക് പ്രതിമാസ സ്റ്റൈപ്പന്റിനു പകരം യഥാർത്ഥ താമസ-ഭക്ഷണ ചെലവും പോക്കറ്റ് മണിയും നൽകുന്നു.

| പ്രതിമാസ പോക്കറ്റ്മണി നിരക്ക് | |
|---|---|
| മെഡിക്കൽ, എഞ്ചിനീയറിംഗ് കോഴ്സ് വിദ്യാർത്ഥികൾക്ക് | 190/- രൂപ |
| മറ്റ് കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് | 190/- രൂപ |

### 3. നഴ്സറി സ്കൂളുകൾ

പ്രീ-പ്രൈമറി വിദ്യാഭ്യാസം നൽകുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ 13 നഴ്സറി സ്കൂളുകൾ പ്രവർത്തിച്ചു വരുന്നു. ഈ നഴ്സറി സ്കൂളുകൾ 1995-96-ൽ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയെങ്കിലും നഴ്സറി സ്കൂളുകൾ ടീച്ചർ, ആയ എന്നിവരുടെ ശമ്പളവും മറ്റ് അലവൻസുകളും കുട്ടികളുടെ ഉച്ചഭക്ഷണത്തിനുമുള്ള ചെലവുകളും പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നുമാണ് നൽകുന്നത്.

| | |
|---|---|
| കുട്ടികൾക്കുള്ള ലംപ്സംഗ്രാന്റ് | 190/- രൂപ |
| പ്രതിദിനം ഒരു കുട്ടിക്കുള്ള ഭക്ഷണചെലവ് | 30/- രൂപ |

## 4. പ്രീമെട്രിക് ഹോസ്റ്റലുകൾ

പട്ടികവർഗക്കാരുടെ ആവാസകേന്ദ്രങ്ങൾ പലതും വിദ്യാഭ്യാസ സൗകര്യം ലഭ്യമല്ലാത്ത ദുർഘടപ്രദേശങ്ങളിലാണ്. ആയതിനാൽ പട്ടികവർഗക്കാരുടെ വിദ്യാഭ്യാസത്തിന് സൗകര്യങ്ങൾ ഒരുക്കുന്നതിന് പട്ടികവർഗ വികസന വകുപ്പിന് കീഴിൽ 109 പ്രീമെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നു. ഇതിൽ 64 എണ്ണം ആൺകുട്ടികൾക്കും 44 എണ്ണം പെൺകുട്ടികൾക്കും 1 എണ്ണം ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും (മിക്സഡ്) ആയി പ്രവർത്തിക്കുന്നു. ഇതിൽ 69 ഹോസ്റ്റലുകൾക്ക് സ്വന്തമായി സ്ഥിരം കെട്ടിടം ലഭ്യമാണ്. 7 ഹോസ്റ്റലുകളുടെ കെട്ടിടനിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. ഹോസ്റ്റലുകളിൽ താമസം, ഭക്ഷണം, പഠനോപകരണങ്ങൾ തുടങ്ങിയ എല്ലാ വിദ്യാഭ്യാസ ചെലവുകളും അന്തേവാസികൾക്ക് സൗജന്യമാണ്. അന്തേവാസികൾക്ക് ട്യൂഷൻ നൽകുന്നതിനായി പാർട്ട്ടൈം ട്യൂട്ടർമാരെ നിയമിച്ചിട്ടുണ്ട്. ഹോസ്റ്റൽ അന്തേവാസികളുടെ ആഹാര ചെലവുകൾക്ക് അനുവദനീയമായ പ്രതിമാസ നിരക്ക് താഴെ കൊടുക്കുന്നു.

| | |
|---|---|
| 1-ാം ക്ലാസ് മുതൽ 10-ാം ക്ലാസുവരെയുള്ളവർക്ക് | 2,000/- രൂപ |
| +1, +2 ക്ലാസുകളിൽ പഠിക്കുന്നവർക്ക് | 2300/- രൂപ |

## 5. പോസ്റ്റ്മെട്രിക് ഹോസ്റ്റൽ

പട്ടികവർഗ വികസന വകുപ്പിന്റെ കീഴിൽ പട്ടികവർഗ വിദ്യാർത്ഥികൾക്ക് താമസിച്ചു പഠിക്കുന്നതിനായി നിലവിൽ 3 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട് ജില്ലകളിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

## 6. മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ (എം.ആർ.എസ്)

സമർത്ഥരായ പട്ടികവർഗ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിന് റസിഡൻഷ്യൽ സൗകര്യത്തോടുകൂടി ആരംഭിച്ചിട്ടുള്ളവയാണ് എം.ആർ.എസ്-കൾ. പട്ടികവർഗ വികസന വകുപ്പിന് കീഴിൽ 17 എം.ആർ.എസ്. സ്കൂളുകളും തിരുവനന്തപുരം ഞാറനീലി, കുറ്റിച്ചൽ, (കോട്ടൂർ) എന്നിവിടങ്ങളിലായി 2 സി.ബി.എസ്.ഇ. സ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്. ഈ 19 സ്ഥാപനങ്ങളിലായി 5769 കുട്ടികൾ പഠിച്ചുവരുന്നു. ഇവയിൽ 1990-91ൽ ആരംഭിച്ച കട്ടേല, നല്ലൂർനാട് എം.ആർ.എസ്-കൾ കൂടാതെ നിലവിൽ കാസറഗോഡ്, കണ്ണൂർ, ചാലക്കുടി, മൂന്നാർ, വടശേരിക്കര, നൂൽപ്പുഴ എന്നീ സ്കൂളുകളും മോഡൽ റസിഡൻഷ്യൽ ഹയർ സെക്കൻഡറി സ്കൂളുകളാണ്. മലപ്പുറം (നിലമ്പൂർ), വയനാട് (നൂൽപ്പുഴ), പാലക്കാട് (മലമ്പുഴ) എന്നീ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന 3 സ്കൂളുകൾ പ്രത്യേക ദുർബല വിഭാഗക്കാർക്കായി ആരംഭിച്ചിട്ടുള്ളവയാണ്. തിരുനെല്ലിയിൽ (വയനാട്) പ്രവർത്തിക്കുന്ന എം. ആർ. എസ്. അടിയ/ പണിയ വിഭാഗക്കാർക്ക് പ്രത്യേക പ്രവേശനം നൽകിവരുന്നു. പട്ടികജാതി /പട്ടികവർഗ റസിഡൻഷ്യൽ എഡ്യൂക്കേഷണൽ സൊസൈറ്റിയുടെ നിയന്ത്രണത്തിലാണ് എം. ആർ. എസ്-കൾ പ്രവർത്തിക്കുന്നത്.

സ്കൂളുകളുടെ കെട്ടിടനിർമ്മാണത്തിന് 100% കേന്ദ്രസഹായം ലഭിക്കുന്നവയെ എം.ആർ.എസ്-കൾ എന്നും, 50% കേന്ദ്രസഹായം ലഭിക്കുന്നവയെ ആശ്രമം സ്കൂളുകളെന്നും കേന്ദ്ര സർക്കാർ തരംതിരിച്ചിട്ടുണ്ട്. ആർട്ടിക്കിൾ 275 (1)ൽ ഉൾപ്പെടുത്തി 100% കേന്ദ്രസഹായം ലഭിച്ചിട്ടുള്ള 3 എം.ആർ.എസ്-കൾ പ്രവർത്തിക്കുന്നുണ്ട്. എം.ആർ.എസ്-കളിലും, ഞാറനീലി സി.ബി.എസ്.ഇ. സ്കൂളിലും പ്രവേശനം ലഭിക്കുന്ന എല്ലാ കുട്ടികൾക്കും താമസം, ഭക്ഷണം തുടങ്ങി എല്ലാ വിദ്യാഭ്യാസ ചെലവുകളും സൗജന്യമായിരിക്കും.

എം.ആർ.എസ്-കളിലെ വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി സ്റ്റുഡന്റ് കൗൺസിലർമാരെയും +1, +2 സയൻസ് ബാച്ചുകൾക്ക് പൊതു പ്രവേശന പരീക്ഷാ പരിശീലനം, എം.ആർ.എസ്-കളിൽ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിൽ പ്രത്യേക പരിശീലനം,5-ാം ക്ലാസ്സിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് കണക്ക്, ഇംഗ്ലീഷ്, സയൻസ് എന്നീ വിഷയങ്ങളിൽ പ്രത്യേക കോച്ചിംഗ് , വ്യക്തിത്വ വികസനത്തിനായിട്ടുള്ള ക്ലാസ്സുകൾ എന്നിവയും നടപ്പിലാക്കി വരുന്നു.

## 7. ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്

തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് കുട്ടമലയിലും ഇടുക്കി ജില്ലയിലെ നാടുകാണിയിലും ഓരോ ഐ.റ്റി.ഐ കൾ പ്രവർത്തിച്ചു വരുന്നു. നാടുകാണി ഐ.റ്റി.ഐയിൽ ഇലക്ട്രീഷ്യൻ ട്രേഡിൽ (2 വർഷം) 21 കുട്ടികളും പ്ലംബർ ട്രേഡിൽ (1 വർഷം) 21 കുട്ടികളും നിലവിൽ പരിശീലനം നടത്തി വരുന്നു. കുട്ടമല ഐ.ടി.ഐ.യിൽ ഇലക്ട്രീഷൻ ട്രേഡിൽ (2 വർഷം) 3 കുട്ടികളും കാർപ്പന്ററി ട്രേഡിൽ(1 വർഷം) 13 കുട്ടികളും പരിശിലനം നടത്തി വരുന്നു.കാർപ്പന്ററി, ഇലക്ട്രീഷ്യൻ എന്നീ ട്രേഡുകൾക്ക് എൻ.സി.വി.റ്റി.അംഗികാരവും , പ്ലംബർ കോഴ്സിന് എസ്.സി.വി.റ്റി.അംഗീകാരവുമുണ്ട്.

## 8. ഉൽപ്പാദന പരിശീലന കേന്ദ്രം

പട്ടികവർഗ വിദ്യാർത്ഥികൾക്കായി വീവിംഗിൽ പരിശീലനം നൽകുന്നതിനായി തിരുവനന്തപുരം ജില്ലയിലെ ചേന്നൻപാറയിൽ ഒരു Weaving and Tailoring പരിശീലനകേന്ദ്രം പ്രവർത്തിച്ചുവരുന്നുണ്ട്.

## 9. വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ

സാങ്കേതിക തൊഴിലുകളിൽ പരിശീലനം നൽകുന്നതിനുവേണ്ടി തയ്യൽ, നെയ്ത്ത്, ചൂരൽപ്പണി, മരപ്പണി എന്നിവയിൽ തൊഴിൽ പരിശീലനം നൽകുന്ന 10 മാതൃക പരിശീലന കേന്ദ്രങ്ങളും വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു.

## 10. ഗോത്രസാരഥി

14 വയസുവരെ കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസം ഭരണഘടന ഉറപ്പുനൽകുന്നു. പട്ടികവർഗ ഊരുകൾ ദുർഘട വനപ്രദേശത്തോ മതിയായ വാഹന സൗകര്യം ഇല്ലാത്ത ഒറ്റപ്പെട്ട ഉൾപ്രദേശങ്ങളിലോ ആണ് സ്ഥിതിചെയ്യുന്നത്. വാഹന സൗകര്യമില്ലായ്മയും വന്യമൃഗങ്ങളുടെ ആക്രമണ ഭീഷണിയും സ്കൂളിലെത്താൻ കുട്ടികൾക്ക് പ്രയാസമുണ്ടാക്കുന്നു. ഇവർക്കെല്ലാം പ്രവേശനം നൽകാൻ മതിയായ ഹോസ്റ്റൽ സൗകര്യവും ഇല്ല. സ്വന്തം ഊരുകളിൽനിന്ന് സ്കൂളുകളിൽ പോയിവരുന്ന ഇത്തരം വിദ്യാർത്ഥികൾക്ക് സ്കൂൾ പി.ടി.എ.യുടെയും സ്കൂളിലെ അദ്ധ്യാപകരുടെയും സഹകരണത്തോടെ സ്കൂളിൽ പോയിവരാൻ സൗകര്യം ചെയ്തു കൊടുക്കുന്ന പദ്ധതിയാണ് ഗോത്രസാരഥി. വീട്ടിൽനിന്നും സ്കൂളിൽ എത്താനുള്ള വാഹന വാടക (ഓട്ടോ/ജീപ്പ്/വാൻ) വകുപ്പ് നൽകുന്ന പദ്ധതിയാണിത്. 2013-14 മുതൽ സംസ്ഥാനത്ത് മുഴുവനായി ഈ പദ്ധതി നടപ്പിലാക്കുന്നു.

## 11. അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡവലപ്മെന്റ് പദ്ധതി

സമർത്ഥരായ പട്ടികവർഗ വിദ്യാർത്ഥികളെ കണ്ടെത്തി അവരുടെ 5-ാം ക്ലാസ് മുതലുള്ള തുടർപഠനത്തിനുള്ള എല്ലാ സഹായങ്ങളും ചെയ്തു കൊടുക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പദ്ധതി. സർക്കാർ എയ്ഡഡ് സ്കൂളുകളിലെ 4-ാം ക്ലാസിൽ പഠിക്കുന്ന മിടുക്കരായ പട്ടികവർഗ വിദ്യാർത്ഥികളെ ഒരു മൽസര പരീക്ഷയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്തുവരുന്നു. ഇവർക്ക് 10-ാം ക്ലാസുവരെ തുടർന്ന് സ്കോളർഷിപ്പ് നൽകുന്നു. ടി പദ്ധതിയിൽ പുസ്തകം, പഠനസാമഗ്രികൾ, യൂണിഫോം, പ്രതിമാസ സ്റ്റൈപ്പന്റ് എന്നീ ആനുകൂല്യങ്ങളും വിദ്യാർത്ഥികളുടെയും മാതാപിതാക്കളുടെയും ബോധതലം ഉയർത്താൻ സെമിനാർ നടത്തുന്നതിനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. 5-ാം ക്ലാസിൽ പഠിക്കുന്ന ഒരു വിദ്യാർത്ഥിക്ക് 5,900/- രൂപയും 6 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന ഓരോ വിദ്യാർത്ഥിക്കും 4,900/- രൂപ വീതവും സ്കോളർഷിപ്പായി ലഭിക്കുന്നു. ഓരോ വർഷവും 200 വിദ്യാർത്ഥികളെയാണ് 5-ാം ക്ലാസ്സിലേക്ക് തെരഞ്ഞെടുക്കുന്നത്.

## 12. ട്യൂട്ടോറിയൽ ഗ്രാന്റ്

പട്ടികവർഗ വിദ്യാർത്ഥികളുടെ വിജയശതമാനം വർദ്ധിപ്പിക്കുന്നതിന് ഈ പദ്ധതി പ്രയോജനപ്രദമാണ്. 11-ാം ക്ലാസിലും 12-ാം ക്ലാസിലും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അടുത്തുള്ള പാരലൽ കോളേജിൽ/ട്യൂഷൻ സെന്ററിൽ ചേർന്ന് ട്യൂഷൻ പഠിക്കുന്നതിലേക്കായി പ്രതിമാസ ട്യൂഷൻ ഫീസ് രക്ഷകർത്താക്കൾക്ക് നേരിട്ട് നൽകുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. വർഷാവസാന പരീക്ഷക്ക് മുമ്പായി എസ്.എസ്.എൽ.സി, +2 വിദ്യാർത്ഥികൾക്ക് പ്രത്യേക കോച്ചിംഗ് നൽകുക എന്നതും ഈ പദ്ധതിയുടെ ലക്ഷ്യമാണ്.

### ഈ പദ്ധതിയിലെ പ്രധാന ഘടകങ്ങൾ

1) ഹൈസ്കൂളുകളിലെയും, 11, 12 ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് പ്രത്യേക ട്യൂഷന് ഫീസ് നൽകുക.
2) എസ്.എസ്.എൽ.സി, +2 എന്നീ പരീക്ഷകളിൽ പരാജിതരായ പട്ടികവർഗ കുട്ടികൾക്ക് തോറ്റ വിഷയങ്ങൾ പഠിക്കുവാൻ ട്യൂഷൻ ഫീസ് നൽകുക
3) അട്ടപ്പാടി കോ-ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റിയുടെ ഗുരുകുല പരിപാടി, പാലക്കാട് നെഹ്റു യുവകേന്ദ്രത്തിന്റെ ഗിരിവികാസ് പദ്ധതി മുതലായവ നടപ്പിലാക്കുക
4) പ്രീമെട്രിക് ഹോസ്റ്റലുകളിലെ വിദ്യാർത്ഥികൾക്ക് ട്യൂഷൻ നൽകുന്ന പാർട്ട്ടൈം ട്യൂട്ടർമാരുടെ ഓണറേറിയം നൽകുക.

## 13. വസ്ത്ര വിതരണം

ട്രൈബൽ സ്കൂളുകളിലും വെൽഫെയർ സ്കൂളുകളിലുമുള്ള ലോവർ പ്രൈമറി ക്ലാസുകളിൽ പഠിക്കുന്ന പട്ടികവർഗ വിദ്യാർത്ഥികൾക്ക് ഓരോ വർഷവും രണ്ട് ജോഡി യൂണിഫോം നൽകി വരുന്നു. ഇതിനുള്ള ചെലവ് ഒരു കുട്ടിക്ക് 500/- രൂപയായി നിജപ്പെടുത്തിയിരിക്കുന്നു.

## 14. ബോർഡിംഗ് ഗ്രാന്റ്

പട്ടികവർഗ വികസന വകുപ്പിന്റെ അംഗീകാരമുള്ളതും സന്നദ്ധ സംഘടനകൾ നടത്തുന്നതുമായ ഹോസ്റ്റലുകളിൽ അന്തേവാസികളായ പട്ടികവർഗ വിദ്യാർത്ഥികൾക്ക് ബോർഡിംഗ് ഗ്രാന്റ് നൽകുന്നു. കേരളത്തിൽ ഇപ്പോൾ 7 ഹോസ്റ്റലുകൾക്കാണ് ധനസഹായം നൽകുന്നത്. ലിസ്റ്റ് അനുബന്ധം-6 ആയി നൽകുന്നു.

| ഇനം | ക്ലാസ് | നിരക്ക് |
|---|---|---|
| ബോർഡിംഗ് ഗ്രാന്റ് | 1 മുതൽ 10 വരെയുള്ള വിദ്യാർത്ഥികൾക്ക് | 700/- |
| | +1, +2 വിദ്യാർത്ഥികൾക്ക് | 800/- |
| യൂണിഫോം അലവൻസ് | 1 മുതൽ 8 വരെയുളള വിദ്യാർത്ഥികൾക്ക് | 500/- |
| | 8 മുതൽ 12 വരെയുള്ള വിദ്യാർത്ഥികൾക്ക് | 700/- |

## 15. സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം

അക്കാദമിക്-കലാ-കായിക മൽസരങ്ങളിൽ ഉന്നതവിജയം നേടുന്ന പട്ടികവർഗ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം നൽകുന്ന ഒരു പദ്ധതിയാണിത്. എസ്.എസ്.എൽ.സി, +2 പഠിക്കുന്ന കുട്ടികൾക്ക് ഗ്രേഡിന്റെ അടിസ്ഥാനത്തിൽ യഥാക്രമം 3000/- രൂപയും ബിരുദം, ബിരുദാനന്തര ബിരുദം എന്നീ പരീക്ഷകളിൽ ഒന്നാം ക്ലാസിൽ പാസാകുന്ന പട്ടികവർഗ വിദ്യാർത്ഥികൾക്ക് യഥാക്രമം 4500/-, 6000/- രൂപ നിരക്കിൽ പ്രത്യേക പ്രോത്സാഹന സമ്മാനം നൽകി വരുന്നു.

## 16. ഭാരത ദർശൻ അഥവാ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് പഠനയാത്ര

മിടുക്കരായ 30 ആൺകുട്ടിൾക്കും 30 പെൺകുട്ടികൾക്കും ഇന്ത്യയിലെ ചരിത്ര പ്രാധാന്യമുള്ള വിവിധ സ്ഥലങ്ങൾ സന്ദർശിക്കാൻ അവസരമൊരുക്കുന്ന പദ്ധതിയാണ് ഭാരത ദർശൻ. ഭാരത ദർശൻ പരിപാടിക്കു പുറമെ പഠനത്തിൽ മികവ് പുലർത്തുന്ന +2, ബിരുദം,ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ ഡിഗ്രി, ഡിപ്ലോമ കോഴ്സുകളിൽ പഠിക്കുന്ന പട്ടികവർഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി വിനോദയാത്രയും പഠനയാത്രക്കുവേണ്ടിയുള്ള സാമ്പത്തിക സഹായവും അനുവദിച്ചു വരുന്നു.

## 17. മാതാപിതാക്കൾക്ക് പ്രോത്സാഹന ഗ്രാന്റ്

പ്രൈമറി ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളെ മുടങ്ങാതെ സ്കൂളിൽ അയക്കുന്നതിന് വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്ക് പ്രതിമാസം 50/- രൂപ നിരക്കിൽ 10 മാസത്തേക്ക് 500/- രൂപ പ്രോത്സാഹന ധനസഹായം നൽകി വരുന്നു. ഓരോ അദ്ധ്യയന വർഷവും ഫെബ്രുവരി വരെയുള്ള ഹാജർ കണക്കാക്കി 75% ഹാജരുള്ള വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്ക് പ്രോത്സാഹന ഗ്രാന്റ് നൽകി വരുന്നു.

## 18. പെരിപെറ്ററ്റിക് സ്ഥാപനങ്ങൾ [പട്ടികവർഗക്കാർക്കുവേണ്ടിയുള്ള സഞ്ചരിക്കുന്ന വിദ്യാഭ്യാസം]

പട്ടികവർഗക്കാർക്ക് വിദ്യാഭ്യാസം നൽകുന്നതിന് തെരഞ്ഞെടുത്ത സങ്കേതങ്ങളിൽ അദ്ധ്യാപകർ സന്ദർശിച്ച് പഠിപ്പിക്കുന്ന ഒരു ഏകാദ്ധ്യാപക പരിപാടിയാണിത്. ഒറ്റപ്പെട്ട സങ്കേതങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസത്തിൽ ആഭിമുഖ്യം ഉണ്ടാക്കുക എന്നതാണ് ഈ പരിപാടിയുടെ മുഖ്യ ലക്ഷ്യം. 2005-06ൽ പര്യടന വിദ്യാഭ്യാസ സെന്ററുകൾ സ്ഥാപിക്കുകയും അദ്ധ്യാപകർക്ക് പരിശീലനം നൽകുകയും ചെയ്തുവരുന്നു. വകുപ്പിന് കീഴിൽ 23 ഏകാദ്ധ്യാപക സ്കൂളുകളും 7 പെരിപ്പറ്ററ്റിക് സെന്ററുകളും പര്യടന വിദ്യാഭ്യാസ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 19. വികാസ് വാടി

ഗോത്രവർഗ്ഗ മേഖലയിലെ കുട്ടികളുടെ പ്രീപ്രൈമറി വിദ്യാഭ്യാസത്തിന് വേണ്ടി സ്ഥാപിച്ച വയാണ് വികാസ്‌വാടികൾ. വയനാട് ജില്ലയിൽ മാനന്തവാടി ബ്ലോക്കിൽ പഞ്ചരക്കൊല്ലിയിൽ നിലവിൽ 20 കുട്ടികൾ പഠനം നടത്തി വരുന്ന ഒരു വികാസ്‌വാടിപ്രവർത്തിച്ച് വരുന്നു.

## 20. കിന്റർ ഗാർട്ടൻ

ഗോത്രവർഗ്ഗ മേഖലയിലെ പ്രീപ്രൈമറി വിദ്യാഭ്യാസത്തിനുവേണ്ടിയാണ് കിന്റർഗാർട്ടനു കൾ സ്ഥാപിച്ചിരിക്കുന്നത്. കൊല്ലം ജില്ലയിൽ വഞ്ചിയോട് കോഴിക്കോട് ജില്ലയിൽ അടുപ്പിൽ ,വയനാട് ജില്ലയിൽ താളൂർ, മയിലാടി, പൊട്ടൻകൊല്ലി, മാത്തൂർ കാപ്പുൻചാൽ, ചുണ്ടക്കര, ഇടുക്കി ജില്ലയിൽ താളുങ്കണ്ടം, മലപ്പുറം ജില്ലയിൽ ഓടക്കയം എന്നീ സ്ഥലങ്ങളിലായി 9 കിന്റർഗാർട്ടനുകൾ പ്രവർത്തിക്കുന്നു.

## 21. ബാലവിജ്ഞാനകേന്ദ്രങ്ങൾ

മലപ്പുറം ജില്ലയിൽ പ്രീപ്രൈമറി വിദ്യാഭ്യാസത്തിനും 1 മുതൽ 4 വരെ ക്ലാസ്സുകളിലേ യ്ക്കുള്ള വിദ്യാഭ്യാസം നൽകുന്നതിലേയ്ക്കായാണ് ബാല വിജ്ഞാന കേന്ദ്രങ്ങൾ പ്രവർത്തിക്കു ന്നത്. ഉൾവനത്തിലെ ചോലനായ്ക്ക, കാട്ടുനായ്ക്ക, വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ഒന്നുമുതൽ നാലുവരെ ക്ലാസ്സുകളിൽ ഇവിടെ പ്രവേശനം നൽകുന്നുണ്ട്. നിലമ്പൂർ ഐ.റ്റി.ഡി.പി.ആഫീസിനു കീഴിൽ ഇരുട്ടുകുത്തി, പുഞ്ചക്കൊല്ലി, തണ്ടൻകല എന്നീ മൂന്ന് ബാലവിജ്ഞാനകേന്ദ്രങ്ങളാണ് നിലവിൽ പ്രവർത്തിച്ച് വരുന്നത്.

## 22. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പൊതു പ്രവേശന പരീക്ഷാ പരിശീലനം

+2 സയൻസ്, കണക്ക് വിഷയങ്ങളെടുത്ത് വിജയിച്ച വിദ്യാർത്ഥി- വിദ്യാർത്ഥിനികളിൽ നിന്നും +2 കോഴ്സുകൾക്ക് ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ മിടുക്കരായവരെ തിരഞ്ഞെ ടുത്ത് എം.ബി.ബി.എസ്/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭ്യമാക്കുന്നതിനായി

താമസ ഭക്ഷണ സൗകര്യത്തോടെ സംസ്ഥാനത്തെ പ്രശസ്തമായ പരിശീലന സ്ഥാപനത്തിൽ വച്ചു ഒരുമാസത്തെ ക്രാഷ്കോഴ്സ്, 10 മാസത്തോളം നീണ്ടു നിൽക്കുന്ന ഒരു വർഷത്തെ റിപ്പീറ്റിംഗ് കോഴ്സ് എന്നിവ വകുപ്പ് മുഖേന നടത്തുന്നുണ്ട്.

23. **പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് തൊഴിലധിഷ്ഠിത കോഴ്സുകൾക്കുള്ള പ്രവേശന പരീക്ഷാ പരിശീലനം**

2016-17 അധ്യയന വർഷം വകുപ്പിനു കീഴിലുള്ള എം.ആർ.എസിലേയും ഹോസ്റ്റലിലേയും +2 ക്ലാസുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഏറെ മെച്ചപ്പെട്ട തൊഴിൽ വരുമാന സാദ്ധ്യതകളുള്ള ബി.എസ്.സി.ഹോസ്പിറ്റാലിറ്റി& ഹോട്ടൽ മാനേജ്മെന്റ് കോഴ്സുകളിലേക്ക് പ്രവേശന പരിശീലനം വകുപ്പ് മുഖേന നടത്തുന്നു.

24. **നൈപുണ്യ വികസന പദ്ധതി**

ബാംഗ്ലൂർ ആസ്ഥാനമായുള്ള നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ മുഖേന ഇലക്ട്രോണിക്സ്, കമ്പ്യൂട്ടർ എഞ്ചിനിയറിംഗ്, ഐ.റ്റി, മെക്കാട്രോണിക്സ്, ടൂൾ ആന്റ് ഡൈ മേക്കിംഗ് എന്നിവയിൽ 3 വർഷ ഡിപ്ലോമാ കോഴ്സുകളും ഇൻസ്പെക്ഷൻ മെട്രോളജി. ഡ്രാഫ്റ്റ്സ്മാൻ മെക്കാനിക്കൽ, ഇലക്ട്രോണിക്സ് ടെക്നീഷ്യൻ, മെഷീനിസ്റ്റ്, ടൂൾ ആന്റ് ഡൈ മേക്കിംഗ്, സി.എൻ.സി. ഓപ്പറേറ്റർ, പ്രിസിഷൻ മെഷീനിസ്റ്റ് എന്നീ കോഴ്സുകളിൽ ഒന്ന്-രണ്ട് വർഷ സർട്ടിഫിക്കറ്റ് കോഴ്സുകളും നടത്തി വരുന്നു.

25. **ലാപ്ടോപ്പ് വിതരണം**

അംഗീകൃത യൂണിവേഴ്സിറ്റികളിൽ/സ്ഥാപനങ്ങളിൽ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകുന്നതാണ് പ്രസ്തുത പദ്ധതി. സർക്കാർ ഉത്തരവ് (സാധാ)നം. 1072/2016/പജ.പവ.വിവ.പ്രകാരം അംഗീകരിച്ച എം.ബി.എ, എം.ബി.ബി.എസ്, ബി.എസ്.സി.കമ്പ്യൂട്ടർസയൻസ്, എം.എസ്.സി.കമ്പ്യൂട്ടർസയൻസ്, എം.സി.എ, ബി.ഡി.എസ്, ബി.എ.എം.എസ്, ബി.എച്ച്.എം.എസ്. ബി.വി.എസ്.സി& .എച്ച്, ബി.ടെക്,/ബി.ആർക്ക്, എം.ടെക്, പി.എച്ച്.ഡി എന്നീ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ടി പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്.

26. **പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൈനികസ്കൂൾ, നവോദയസ്കൂൾ പ്രവേശന പരീക്ഷാപരിശീലനം.**

അട്ടപ്പാടിയിൽ നിന്നുള്ള 100 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 2016-17 വർഷം മുതൽ സൈനിക സ്കൂൾ, നവോദയ വിദ്യാലയം, എം.ആർ.എസുകൾ, കേന്ദ്രീയ വിദ്യാലയം, മികച്ചനിലയിൽ പ്രവർത്തിക്കുന്ന മറ്റ് സ്കൂളുകൾ എന്നിവിടങ്ങളിൽ പ്രവേശനത്തിനായി പരീക്ഷാപരിശീലനം "CARSEL" എന്ന സന്നദ്ധ സംഘടന മുഖേന നടപ്പിലാക്കി വരുന്നുണ്ട്.

27. **സർഗ്ഗോത്സവം, കളിക്കളം**

പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലുള്ള എം.ആർ.എസ് ലേയും ഹോസ്റ്റലിലേയും വിദ്യാർത്ഥികളുടെ കലാപരമായ ഉന്നമനത്തിന് "സർഗ്ഗോത്സവം" എന്ന പേരിൽ സംസ്ഥാനതല കലോത്സവവും, കായിക പരമായ ഉന്നമനത്തിന് കളിക്കളം എന്ന പേരിൽ സംസ്ഥാനതല കായിക മേളയും വർഷം തോറും സംഘടിപ്പിച്ചു വരുന്നു.